പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്ന മിടാത്ത ചോദ്യം നമ്പർ: 726 12.12.2012 ൽ മറുപടിയ്ക്ക്

കുറഞ്ഞവിലയിൽ ഗുണമേന്മയുള്ള മരുന്നുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഗുണമേന്മയുള്ള മരുന്നുകൾ വില കുറച്ച് ലഭിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;<br><br>(ബി) ബ്രാൻഡഡ് മരുന്നുകൾ വില കുറച്ച് വിൽക്കുന്നതിന് എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; | (എ) & (ബി) ബ്രാൻഡഡ് മരുന്നുക ളുൾപ്പെടെ ഗുണമേന്മയുള്ള മരുന്നുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്കായി അടുത്തകാലത്തായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിച്ചിട്ടുണ്ട്. ഇതു കൂടതെ മരുന്നു വില കുറച്ച് ലഭ്യമാക്കുന്നതിലേക്കായി മെഡിക്കൽ കോളേജ് പേയിംഗ് കൗണ്ടർ നീതി, മാവേലി മെഡിക്കൽ സ്റ്റോറുകൾ എന്നിവയുടെ സേവനവും നിലവിലുണ്ട്. |
| (സി)മരുന്നുകളുടെ ഗുണനിലവാര പരിശോധന കർശനമാക്കുന്നതിനും, മരുന്നുകളുടെ ദുരുപയോഗം തടയുന്നതിനും പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) മരുന്നുകളുടെ ഗുണനിലവാരം കർശനമാക്കുന്നതിന് വേണ്ടി പുതുതായി 3 ലാബുകൾ കൂടി കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവടങ്ങളിൽ തുടങ്ങാൻ തിരുമാനിച്ചിട്ടുണ്ട്. എറണാകുളത്തെ റീജിയണൽ ലാബിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഗുണനിലവാരമില്ലാത്ത മരുന്നുകൾ മാധ്യമങ്ങൾ വഴിയും, എസ്.എം.എസ് വഴിയും പൊതുജനങ്ങളെയും, ഡോക്ടർ, ഫാർമസിസ്റ്റ്, മരുന്നു കച്ചവടക്കാർ തുടങ്ങിയവരെയും അറിയിക്കുന്നുണ്ട്.<br><br>മരുന്നിന്റെ ദുരുപയോഗം തടയുന്നതിന് ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ മുഖേന മാത്രമാണ് മരുന്നു വില്പന നടത്തുന്നതെന്ന് ഡ്രഗ്സ് ഇൻസ്പെക്ടർമാർ കർശന പരിശോധന നടത്തി ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ